കൃഷി ജനകീയമാക്കുവാൻ പദ്ധതികൾ

232 (1671) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ജനകീയമാക്കുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പദ്ധതികളെക്കുറിച്ച് കൂടുതൽ അവബോധം സമൂഹത്തിൽ സൃഷ്ടിച്ച് കൃഷി ജനകീയമാക്കുന്നതിനും കൃഷി വകുപ്പ് ചുവടെ ചേർക്കുന്ന പദ്ധതികളും നടപടികളുമാണ് നടപ്പിലാക്കുന്നത് :

1. പൊതുജന പങ്കാളിത്ത പദ്ധതി :
   - (എ) കർഷക ദിനാചരണം.
   - (ബി) കാർഷിക വികസന സമിതി യോഗം
   - (സി) കർഷക അവാർഡ്
   - (ഡി) ഗവേഷകരും ഉദ്യോഗസ്ഥരും കൃഷിക്കാരും തമ്മിലുള്ള മുഖാമുഖം പരിപാടി.
2. ആത്മ പദ്ധതികൾ :
   - (എ) എക്സ്പോഷർ വിസിറ്റ്
   - (ബി) പരിശീലന പരിപാടികൾ
   - (സി) ഫാർമേജർ ഫീൽഡ് സ്കൂൾ
   - (ഡി) പ്രദർശനത്തോട്ടം സ്ഥാപിക്കൽ
   - (ഇ) ടെക്നോളജി മീറ്റ്
3. ലീഡ്സ് (LEADS) പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

4. പദ്ധതികളുടെ വിവിധ മാദ്ധ്യമങ്ങളിൽ കൂടിയുള്ള പ്രചരണം, വിവിധ പ്രസിദ്ധീകരണങ്ങൾ.

5. അച്ചടി പ്രസിദ്ധീകരണങ്ങൾക്കൊപ്പം വിത്ത് വിതരണം.

6. മൊബൈൽ ഫോണിലൂടെ മെസ്സേജിംഗ് സർവ്വീസ്.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളുടെ പാക്കേജ്

233 (1672) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങൾക്കായുള്ള പ്രത്യേക പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി പ്രകാരം അംഗീകാരം നൽകിയ പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിർവ്വഹണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഇതിനായി നീക്കിവച്ചിരിക്കുന്ന തുകകൾ എത്ര വീതമെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ വിവരം ചുവടെ ചേർക്കുന്നു :

ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി 123.52 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ 42.46 % പൂർത്തീകരിച്ചിട്ടുണ്ട്. 4609.53 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

ആർ.കെ.വി.വൈ. സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പെട്ടി, പറയ്ക്ക് ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട് മോട്ടോർ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഫീൽഡ് തല വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly